പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3044

15.02.2013-ൽ മറുപടി നൽകേണ്ടത്

## വാഗമണ്ണിലെ ഉളുപ്പുണി പണിക്കുന്ന് പ്രദേശത്തെ ഭൂമികയ്യേറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാഗമണ്ണിൽ പിടിച്ചെടുത്ത ഭൂപ്രദേശത്ത് കൈയേറ്റം നടന്നിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. ഈ സർക്കാരിന്റെ കാലത്താണ് വാഗമൺ ഉളുപ്പുണി പ്രദേശത്ത് 28.76 ഹെക്ടർ ഭൂമി ഒഴിപ്പിച്ച് സർക്കാർ ബോർഡ് സ്ഥാപിച്ചിട്ടുള്ളത്. |
| (ബി)ഉളുപ്പുണി പണിക്കുന്നിന സമീപം 28 ഹെക്ടർ സ്ഥലത്ത് നടന്നിട്ടുള്ള ഈ കൈയേറ്റം സംബന്ധിച്ച് റവന്യൂ അധികൃതർ സർക്കാരിന് അറിയിപ്പ് നൽകിയിരുന്നോ; | (ബി) കയ്യേറ്റക്കാരനെതിരെ ഭൂസംരക്ഷണ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അതിനെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ കൗണ്ടർ അഫിഡാവിറ്റ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. |
| (സി) ഈയടുത്തകാലത്ത് കൊച്ചി-മുസിരിസ് ബിനാലെയുടെ മറവിൽ സർക്കാർചെലവിൽ സംഘടിപ്പിച്ച "വൈറ്റ് ഡ്രോപ്സ്" എന്ന പരിപാടി ഈ ഭൂപ്രദേശത്താണ നടന്നതെന്ന കാര്യം അറിവുള്ളതാണോ; | (സി) വാഗമൺ വില്ലേജിലെ സർക്കാർ ബോർഡ് സ്ഥാപിച്ചിട്ടുള്ള 894, 896, 897 എന്നീ സർവ്വേ നമ്പരിൽ ഉൾപ്പെട്ടവതന്ന 28.76 ഹെക്ടർ സ്ഥലത്താണ് 27.01.2013 ന് കൊച്ചിൻ ബിനാലെയുടെ 'വൈറ്റ് ഡ്രോപ്സ്' എന്ന പരിപാടി നടന്നിട്ടുള്ളത്. |
| (ഡി)പ്രസ്തുത പരിപാടിയിൽ ഭരണതലത്തിൽ ബന്ധപ്പെട്ടവർ പങ്കെടുക്കുകയുണ്ടായോ? | ഡി) പങ്കെടുത്തിട്ടുള്ളതായി വിവരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ